<u>**15 -ാം കേരള നിയമസഭ**</u>

<u>**9 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826**</u>      <u>**14-09-2023 - ൽ മറുപടിയ്ക്ക്**</u>

<u>**വൈദ്യുതി ചാർജ് കുടിശിക ഈടാക്കൽ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി ചാർജ് കുടിശ്ശിക പിഴ കൂടാതെ ഈടാക്കുന്നതിന് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്, 20.7.2023 മുതൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (One Time Settlement (OTS)) ബഹുമാനപ്പെട്ട വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടുകൂടി കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി 30.12.2023 വരെയാണ് ഉള്ളത്. രണ്ടു വർഷത്തിനുമേൽ പഴക്കമുള്ള കുടിശ്ശികകൾ പലിശ ഇളവോടുകൂടി ഈ പദ്ധതി പ്രകാരം തീർപ്പാക്കാവുന്നതാണ്. റവന്യൂ റിക്കവറി നടപടികൾ പുരോഗമിക്കുന്നതോ കോടതി വ്യവഹാരത്തിൽ ഉള്ളതോ ആയ കുടിശ്ശികകളും ഈ പദ്ധതിയിലൂടെ തീർപ്പാക്കാം. ഈ പദ്ധതിയിലൂടെ അനുവദിക്കുന്ന ഇളവുകൾ ചുവടെ കൊടുത്തിരിക്കുന്നു:<br><br>• 15 വർഷത്തിനു മുകളിലുള്ള കുടിശ്ശികകൾക്ക് പലിശ നാല് ശതമാനം മാത്രം.<br>• അഞ്ച് മുതൽ 15 വർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ അഞ്ച് ശതമാനം മാത്രം.<br>• രണ്ടു മുതൽ അഞ്ചുവർഷം വരെ പഴക്കമുള്ള കുടിശ്ശികകൾക്ക് പലിശ ആറ് ശതമാനം മാത്രം.<br>• മുഴുവൻ വൈദ്യുതി കുടിശ്ശികയും പലിശയും ഉൾപ്പെടെ ഒറ്റത്തവണയായി തീർപ്പാക്കിയാൽ ആകെ പലിശ തുകയിൽ രണ്ട് ശതമാനം അധിക ഇളവ് ലഭിക്കും. |

| | | | |
|---|---|---|---|
| | | | • വൈദ്യുതി കുടിശ്ശികകൾക്ക് ഉള്ള പലിശ ആറ് തവണകളായി അടയ്ക്കാൻ അവസരമുണ്ട്.<br>• പലിശ ഇളവ് നൽകുന്നതിനു പുറമേ അടച്ചുപൂട്ടിയ യൂണിറ്റുകൾക്ക് ബില്ലിംഗ് ഡിമാന്റിൽ അടഞ്ഞു കിടന്ന സമയത്ത് ഇളവുകൾ നൽകി തീർപ്പാക്കുന്നതാണ്.<br>• വൈദ്യുതി വിച്ഛേദിച്ചിട്ടുള്ള യൂണിറ്റുകൾക്ക് ആറുമാസത്തിലധികം ബില്ല് ചെയ്തിട്ടുണ്ടെങ്കിൽ ആയത് ആറു മാസത്തേക്ക് നിജപ്പെടുത്തി അവരുടെ കുടിശികയിൽ ഇളവ് നൽകാനും ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവർത്തനത്തിലേർപ്പെടുന്ന ജീവനക്കാർക്ക് ഇൻസെന്റീവോ, പ്രോത്സാഹനമോ നൽകാൻ ആലോചിക്കുന്നുണ്ടോ? | (ബി) | ഉണ്ട്. 75% കുടിശ്ശിക പിരിച്ചെടുക്കുന്ന ജീവനക്കാർക്ക് അഭിനന്ദനം/ഉപഹാരം ശിപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ